(Pages : 4) **S 2010**

# SSLC EXAMINATION, MARCH - 2025

## MALAYALAM

First Language - Paper II

Time : 1½ Hours | Total Score : 40

---

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ചു മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

Score

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.** 4x1=4

1. "പഴയൊരു പുള്ളുവനാണല്ലോ ഞാൻ" 1

(ഓണമുറ്റത്ത്)

കവിതയിൽ പുള്ളുവൻ എന്ന് വിശേഷിപ്പിക്കുന്നത് ആരെ ?

- മഹാബലിയെ
- കവിയെ
- ഉണ്ണികളെ
- അരചനെ

2. "അതുവരെ കാണാതിരുന്ന അളവിലും ആഴത്തിലും തറവാടിന്റെ ആ ചിരബന്ധുവിന്റെ ഗുണങ്ങൾ ഹൃദയത്തിൽ ആഞ്ഞുപതിച്ചു." 1

(കൊച്ചുചക്കരച്ചി)

'ചിരബന്ധു' എന്ന പദത്തിന് പാഠ സന്ദർഭത്തിലുള്ള അർഥം എന്ത് ?

- ദീർഘകാലമായുള്ള ബന്ധു
- അടുത്തിടെയുണ്ടായ ബന്ധു
- അകലത്തുള്ള ബന്ധു
- അകന്നുപോയ ബന്ധു

P.T.O.

Score

3. ''മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി'' എന്ന സുപ്രസിദ്ധമായ ഗുരുവചനത്തിൽ മനുഷ്യ നന്മയ്ക്കാണല്ലോ പ്രാധാന്യം.
ഗുരുവചനം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ? 1

- ഗുരുവും വചനവും
- ഗുരു എന്ന വചനം
- ഗുരുവായ വചനം
- ഗുരുവിന്റെ വചനം

4. ''അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു.'' 1

(പ്ലാവിലക്കഞ്ഞി)

കോരന്റെ ഹൃദയത്തെ നോവിച്ച അപരാധബോധത്തിന്റെ കാരണം എന്തായിരുന്നു ?

- വൃദ്ധ പിതാവിനെ തകഴിയിൽ തനിച്ചാക്കി മറുനാട്ടിൽ പോയത്.
- നെല്ലുകൂലി കിട്ടിയില്ലെങ്കിലും ജോലിക്ക് പോയത്.
- രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്താതിരുന്നത്.
- ജന്മിയുടെ അനീതിക്കെതിരെ പ്രതികരിക്കാത്തത്.

5. ''ഇതൊക്കെ കുട്ട്യോളട പോലെ നോക്കണ്ട സാധനങ്ങളാണേ. റേഡിയോടെ പിന്നില് നോക്ക്യാ അറിയാം, ഒരു കുട്ടീടെ പടം...'' 1

(പണയം)

ചാക്കുണ്ണിയുടെ ഈ വാക്കുകളിൽ പ്രകടമാകുന്നതെന്ത് ?

- റേഡിയോ തിരിച്ചെടുക്കാനുള്ള മടി.
- റേഡിയോ കേൾക്കാനുള്ള താൽപര്യക്കുറവ്.
- പണയ മുതൽ ഉപേക്ഷിക്കുവാനുള്ള ആഗ്രഹം.
- റേഡിയോ ശരിക്കും സൂക്ഷിച്ചു വച്ചില്ലെങ്കിലോ എന്ന ആശങ്ക.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** 2x2=

6. ചുവടെ നൽകിയ വാക്യത്തിൽ ഉചിതമായ ചിഹ്നങ്ങൾ ചേർക്കുക.
ഞാനെങ്ങന്യാ മോനേ വര്വാ അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ ഇന്നലേം വിളിച്ചു.

7. ''നെപ്പോളിയൻ തുറന്നു പറഞ്ഞു, ബയനറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണെന്ന്. ബയനറ്റിന്റെ മൂർച്ച ഭയങ്കരമാണ്. അതിനെക്കാൾ മൂർച്ചയാണ് പത്രത്തിന്.''

(പത്രനീതി)

ഈ വാക്യം പത്രത്തെക്കുറിച്ച് നൽകുന്ന രണ്ട് സൂചന എഴുതുക.

2908542

Score

8. 'കൊച്ചുചക്കരച്ചി' എന്ന ഉപന്യാസത്തിൽ ലേഖകൻ കൊച്ചുചക്കരച്ചിക്ക് നൽകിയ ഏതെങ്കിലും രണ്ട് മനുഷ്യഭാവം എഴുതുക. 2

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം വീതം) 5x4=20

9. "പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്." 4

(പത്രനീതി)

സാമുവൽ ബട്‌ലറിന്റെ ഈ പ്രസ്താവനയെ സമകാലികസംഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

10. "ഏതുമുറങ്ങാതെമ്പാടും വയ-
ലേലകൾ തോറും നടുവിൽ പൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നു ലസിപ്പൂ നെയ്യാമ്പലുകൾ." 4

(ഓണമുറ്റത്ത്)

വരികളിലെ കാവ്യഭംഗി വിശദമാക്കുക.

11. • "ഒരു ചട്ടിയുടെ ഇരുവശമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചു തുടങ്ങി." 4

• "എടീ കള്ളീ! നീയതു ഒളിച്ചുമച്ചിരുന്നോ ?"

(പ്ലാവിലക്കഞ്ഞി)

ഊഷ്മളമായ സ്നേഹബന്ധങ്ങളുടെ ഇത്തരം ചിത്രങ്ങൾ 'പ്ലാവിലക്കഞ്ഞി' എന്ന നോവൽഭാഗത്തെ ഹൃദ്യമാക്കുന്നത് എങ്ങനെയെല്ലാം ? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

12. • "അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും മൗനത്തിലേക്ക് ഇറങ്ങിപ്പോവുന്നു." 4

• "ഒരു വിളിക്കുവേണ്ടി എന്നും കാതോർക്കുന്ന അമ്മ, ഇപ്പോൾ അതില്ലാതായതോടു കൂടി പൊടുന്നനെ വാർധക്യത്തിന്റെ നിസ്സഹായതയിലേക്ക് അമ്മ വഴുതി വീണതുപോലെ."

(ഓരോ വിളിയും കാത്ത്)

മൗനത്തിലേക്ക് ഇറങ്ങിപ്പോവുന്നു, നിസ്സഹായതയിലേക്ക് വഴുതിവീണതുപോലെ എന്നീ പ്രയോഗങ്ങൾ കഥാസന്ദർഭത്തെ ഭാവതീവ്രമാക്കുന്നതെങ്ങനെ ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Score

13. ''പണ്യേടുക്കമ്പളും റേഡിയോ കേൾക്കാം മൂപ്പരേ, ഞാനങ്ങന്യാർന്നു. തയ്ക്കണ സമയത്ത് പാട്ടും നാടകോം ശബ്ദരേഖേം ഒക്കെ കേൾക്കും. ബട്ടൺ തുന്നുമ്പോ പ്രാദേശിക വാർത്ത. വക്കടിക്കുമ്പോ വയലും വീടും.....'' 4

(പണയം)

കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് റേഡിയോ ചാക്കുണ്ണിയുടെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം വിശദമാക്കുക.

14. ''മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി.'' 4

''ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്.''

ശ്രീനാരായണ ഗുരുവിന്റെ ഈ സന്ദേശങ്ങളുടെ കാലികപ്രസക്തിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (ഒരു പുറം വീതം)**

2x6=12

15. മാതാപിതാക്കൾ മക്കൾക്കു നൽകുന്ന സ്നേഹവും കരുതലും അവർക്ക് തിരിച്ചു ലഭിക്കുന്നുണ്ടോ ? 'അമ്മത്തൊട്ടിൽ' എന്ന കവിതയുടെ ആശയവും സമകാലിക സംഭവങ്ങളും വിശകലനം ചെയ്ത് 'വാർധക്യം നേരിടുന്ന മനുഷ്യാവകാശ ലംഘനങ്ങൾ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക. 6

16. • ''ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു. ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്തു ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു.'' 6

- ''തൊട്ടവീട്ടിൽ പാർക്കുന്ന ശത്രുക്കൾക്ക് എന്തെല്ലാം ഉപദ്രവങ്ങളാണു ചെയ്യാൻ കഴിയുക, അതൊക്കെ ചെയ്യും, മത്തായി.''
- ''അങ്ങനെ മുകളിൽ നിന്നു കീഴോട്ടുർന്നിറങ്ങുന്ന മർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു.''

(കോഴിയും കിഴവിയും)

സൂചനകൾ, പാഠഭാഗത്തിലെ ആശയം, മറ്റു പ്രസക്ത സന്ദർഭങ്ങൾ, സമകാലിക പ്രസക്തി എന്നിവ ഉൾപ്പെടുത്തി 'കോഴിയും കിഴവിയും' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

17. ''സംസ്കാരവും വിജ്ഞാനവും ഫലപ്രദമായി പകർന്നുതരാൻ മാതൃഭാഷയ്ക്കു മാത്രമേ സാധിക്കൂ.'' 6

മുകളിൽ നൽകിയ പ്രസ്താവനയും 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതയുടെ ആശയവും സമകാലികാവസ്ഥകളും വിശകലനം ചെയ്ത് 'മാതൃഭാഷയും മലയാളികളും' എന്ന വിഷയത്തിൽ മുഖ പ്രസംഗം തയ്യാറാക്കുക.

-oOo-